"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജില്ലാ ജുഡീഷ്യറി- ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവ്വറായി സേവനം അനുഷ്ഠിച്ച് വരവേ സെറിബെല്ലാർ അറ്റാക്സിയ ബാധിതനായ ശ്രീ. രാജേഷ് എം.കെ. യെ സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിനായി പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററി ആയി സൃഷ്ടിച്ചും WPC 32093/2023-മേലുള്ള ബഹു. ഹൈക്കോടതി വിധിന്യായം പാലിച്ചും കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/HOME തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. ശ്രീ. രാജേഷ് എം.കെ. 28.06.2023 തീയതിയിൽ കോഴിക്കോട് പ്രിൻസിപ്പൽ ഡിസ്ട്രിക് ആൻഡ് സെഷൻസ് ജഡ്ജിക്ക് സമർപ്പിച്ച അപേക്ഷ.
2. ബഹു. ഹൈക്കോടതിയുടെ WP(C) 32093/2023- മേലുള്ള 01.11.2023 തീയതിയിലെ വിധിന്യായം.
3. ശ്രീ. രാജേഷ് എം.കെ. 23.11.2023 തീയതിയിൽ സർക്കാറിന് സമർപ്പിച്ച അപേക്ഷ.
4. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡിന്റെ 25.05.2024 തീയതിയിലെ സാക്ഷ്യപത്രം.
5. 19.09.2024 ലെ സ ഉ (സാധാ) നമ്പർ 2735/2024 /ആഭ്യന്തരം നമ്പർ ഉത്തരവ്
6. ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ 25.10.2024 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച സി6-101539/2023 നമ്പർ കത്ത്.
7. 1742/2024 നമ്പർ കോടതിയലക്ഷ്യ ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 28.11.2024 തീയതിയിലെ ഉത്തരവ്.
8. 1742/2024 നമ്പർ കോടതിയലക്ഷ്യ ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.12.2024 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ജുഡീഷ്യറി വകുപ്പിൽ 06.01.2003-ന് നിയമിതനായ ശ്രീ. രാജേഷ് എം.കെ. പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ പ്രോസസ്സ് സർവ്വർ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരവേ, 2013-ൽ അദ്ദേഹത്തിന് സെറിബെല്ലാർ അറ്റാക്സിയ ബാധിച്ചുവെന്നും, 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം, തന്നെ സൂപ്പർ ന്യൂമററി

തസ്തികയിൽ നിയമിക്കണം എന്നും ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് പ്രിൻസിപ്പൽ ഡിസ്ട്രിക് ആൻഡ് സെഷൻസ് ജഡ്ജി മുമ്പാകെ പരാമർശം (1) പ്രകാരം നിവേദനം നൽകിയിരുന്നു. തുടർന്ന് പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും, അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കാരണത്തിന് അദ്ദേഹത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. അതിനെത്തുടർന്ന് ഭിന്നശേഷി അവകാശ നിയമ പ്രകാരം, 01.06.2023 മുതലുള്ള ആനുകൂല്യങ്ങൾ നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജേഷ് എം.കെ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 32093/2023 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) ഫയൽ ചെയ്തു.

2) പരാമർശം (2) പ്രകാരമുള്ള 1.11.2023 തീയതിയിലെ വിധിന്യായത്തിൽ, ബഹു.ഹൈക്കോടതി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:-

എ) 28.06.2023 തീയതിയിൽ ഹർജിക്കാരൻ കോഴിക്കോട് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി മുമ്പാകെ സമർപ്പിച്ച അപേക്ഷ സർക്കാരിന് കൈമാറേണ്ടതാണ്. തന്റെ നിലവിലെ അവസ്ഥ വിശദമാക്കുന്ന ഒരു പുതിയ നിവേദനം, ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം, ഹർജിക്കാരന് സർക്കാരിൽ സമർപ്പിക്കാവുന്നതുമാണ്.

ബി) 2016-ലെ ഭിന്നശേഷി അവകാശ നിയമം, 2017-ലെ ഭിന്നശേഷി അവകാശ ചട്ടം എന്നിവ അനുസരിച്ച്, സർക്കാർ ഹർജിക്കാരന്റെ അപേക്ഷ പരിഗണിക്കേണ്ടതും ആവശ്യമെങ്കിൽ ഒരു മെഡിക്കൽ ബോർഡ് മുഖേന അദ്ദേഹത്തിന്റെ വൈകല്യത്തിന്റെ പരിധിയെക്കുറിച്ച് ബോധ്യപ്പെടേണ്ടതുമാണ്.

സി) മെഡിക്കൽ ബോർഡിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ, 2016-ലെ ഭിന്നശേഷി അവകാശ നിയമം 20-ാം വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

ഡി) വിധി പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതാണ്.

3) ബഹു.ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ശ്രീ. രാജേഷ് എം.കെ. പരാമർശം (3) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തെ വിശദമായ വൈദ്യ പരിശോധനയ്ക്കായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡിലേക്ക് റഫർ ചെയ്തു. ശ്രീ. രാജേഷ് എം.കെ. സ്പൈനോസെറിബെല്ലർ അറ്റാക്സിയ രോഗബാധിതനായതിനാൽ 75% സ്ഥിരമായ ചലന വൈകല്യം അനുഭവിക്കുന്നു എന്നും, ദൈനംദിന ജീവിതത്തിലെ കാര്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കേണ്ടതുണ്ടെന്നും അദ്ദേഹം വീൽചെയറിലാണെന്നും പരാമർശം (4) പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയുണ്ടായി. തുടർന്ന്, 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം, സമാന ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള ഒരു തസ്തികയിൽ ശ്രീ. രാജേഷ് എം.കെ.- യെ നിയമിക്കുന്നതിനായി ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർക്ക് അനുമതി നല്കികൊണ്ട് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.അനുയോജ്യമായ തസ്തിക ലഭ്യമായില്ലെങ്കിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാനും പ്രസ്തുത

ഉത്തരവിൽ നിർദേശിച്ചിരുന്നു.

4) ശ്രീ. രാജേഷിന്റെ മോശം ശാരീരികാവസ്ഥ കാരണം നിലവിലുള്ള മറ്റൊരു തസ്തികയിൽ അദ്ദേഹത്തെ നിയമിക്കുന്നതിന് സാധിക്കുകയില്ലെന്നും, അദ്ദേഹത്തെ നിയമിക്കുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ പരാമർശം (6) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

5) 01.11.2023 തീയതിയിലെ WPC 32093/2023- ന്മേലുള്ള ബഹു. ഹൈക്കോടതി വിധിന്യായം പാലിച്ചില്ല എന്നാരോപിച്ചുകൊണ്ട് ഹർജിക്കാരൻ ഫയൽ ചെയ്ത 1742/2024 നമ്പർ സിവിൽ കോടതിയലക്ഷ്യ ഹർജി 11.12.2024- ന് പരിഗണിച്ച ബഹു. ഹൈക്കോടതി, സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ബഹു. ഹൈക്കോടതിയുടെ മുൻ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്നും ഹർജിക്കാരന്റെ ശമ്പളവും ആനുകൂല്യങ്ങളും 10.12.2024 -നകം വിതരണം ചെയ്യണമെന്നും പരാമർശം (7)-പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത കോടതിയലക്ഷ്യ ഹർജി 11.12.2024- ന് പരിഗണിച്ച ബഹു. ഹൈക്കോടതി 28.11.2024 തീയതിയിലെ കോടതി ഉത്തരവ് ഇനിയും പാലിച്ചിട്ടില്ലായെന്നും ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചയുണ്ടാവുന്ന പക്ഷം എതിർകക്ഷി നേരിട്ടെത്തി വിശദീകരണം നൽകേണ്ടതാണെന്നും പരാമർശം (8) പ്രകാരം ഉത്തരവായിട്ടുണ്ട്.

6.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവർ ആയി സേവനം അനുഷ്ഠിച്ച് വരവേ 'സെറിബെല്ലാർ അറ്റാക്സിയ' ബാധിതനായതിനെ തുടർന്ന് സ്ഥിരമായി ചലന വൈകല്യം സംഭവിച്ച ശ്രീ. രാജേഷ് എം.കെ. യെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20 പ്രകാരം സർവീസിൽ ഉൾക്കൊള്ളിക്കുന്നതിനായി അനുയോജ്യമായ ഒരു സ്ഥിരം തസ്തിക ലഭ്യമാകുന്നതു വരെയോ അല്ലെങ്കിൽ അദ്ദേഹം വിരമിക്കുന്നത് വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെ പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററിയായി 01.06.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

7.) പരാമർശം (2) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
2. ശ്രീ. രാജേഷ് എം.കെ., പ്രോസസ്സ് സർവ്വർ, മുൻസിഫ് മജിസ്ട്രേറ്റ് കോടതി, പയ്യോളി (ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ മുഖേന).
3. ധനകാര്യ വകുപ്പ് ( 2844622/EXP-D2/149/2024-FIN dated 19.11.2024).
4. സാമൂഹ്യ നീതി വകുപ്പ് (SJD-B1/250/2024-SJD 30.08.2024).
5. പൊതുഭരണ (എസ്. സി) വകുപ്പ് ( ഇനം നമ്പർ 2597 തീയതി 08.01.2025 പ്രകാരം)
5. അക്കൗണ്ടന്റ് ജനറൽ കേരള (ഓഡിറ്റ്), തിരുവനന്തപുരം.

6. അക്കൗണ്ടന്റ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം.
7. കരുതൽ ഫയൽ (L1/290/2023-HOME)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 09-01-2025 13:50:02

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ആഭ്യന്തരം) പി. എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. എൽ1/290/2023/ആഭ്യന്തരം. ഇനം നം: 2597

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവർ ആയി സേവനം അനുഷ്ഠിച്ച് വരവേ സെറിബെല്ലാർ അറ്റാക്സിയ ബാധിതനായതിനെ തുടർന്ന് സ്ഥിരമായി ചലന വൈകല്യം സംഭവിച്ച ശ്രീ. രാജേഷ് എം.കെ.-യെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിനായി പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററിയായി 01.06.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2597

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എൽ1/290/2023/ആഭ്യന്തരം |
| 2. | വകുപ്പ് | ആഭ്യന്തര (എൽ) വകുപ്പ് |
| 3. | വിഷയം | ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവർ ആയി സേവനം അനുഷ്ഠിച്ച് വരവേ സെറിബെല്ലാർ അറ്റാക്സിയ ബാധിതനായതിനെ തുടർന്ന് സ്ഥിരമായി ചലന വൈകല്യം സംഭവിച്ച ശ്രീ. രാജേഷ് എം.കെ. യെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിനായി പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററിയായി 01.06.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.12.2024 |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതേ<br><br>അതേ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതേ |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്? | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.12.2024 |

| | | |
|---|---|---|
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31.12.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 31.12.2024 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവ്വറായി സേവനം അനുഷ്ഠിച്ച് വരവേ സെറിബെല്ലാർ അറ്റാക്സിയ ബാധിതനായതിനെ തുടർന്ന് സ്ഥിരമായി ചലന വൈകല്യം സംഭവിച്ച ശ്രീ. രാജേഷ് എം.കെ. യെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിനായി അനുയോജ്യമായ ഒരു സ്ഥിരം തസ്തിക ലഭ്യമാകുന്നത് വരെയോ അല്ലെങ്കിൽ അദ്ദേഹം വിരമിക്കുന്നത് വരേയോ, ഏതാണോ ആദ്യം വരുന്നത് പ്രകാരം പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററി ആയി 01.06.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കുന്ന വിഷയം സംബന്ധിച്ച കുറിപ്പാണിത്.

2) ശ്രീ. രാജേഷ് എം.കെ. ജുഡീഷ്യറി വകുപ്പിൽ 06.01.2003-ന് നിയമിതനായി. 2013-ൽ പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ പ്രോസസ്സ് സർവ്വറായി സേവനം അനുഷ്ഠിച്ച് വരവേ അദ്ദേഹത്തിന് സെറിബെല്ലർ അറ്റാക്സിയ ബാധിക്കുകയും അത് 75% സ്ഥിരമായ ചലനവൈകല്യത്തിന് കാരണമായി എന്ന് കോഴിക്കോട് ഗവൺമെൻ്റ് മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡ് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023 ജനുവരിയോടെ അദ്ദേഹത്തിന്റെ അവസ്ഥ വഷളാവുകയും, തന്റെ ചുമതലകൾ നിർവഹിക്കാൻ കഴിയാത്തവണ്ണം കിടപ്പിലാവുകയും ചെയ്തു.

3) ശ്രീ. രാജേഷ് എം.കെ., 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം തന്നെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് പ്രിൻസിപ്പൽ ഡിസ്ട്രിക് ആൻഡ് സെഷൻസ് ജഡ്ജി മുമ്പാകെ 28.06.2023-ന് നിവേദനം നൽകിയിരുന്നു. എന്നാൽ പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കാരണത്തിന് അദ്ദേഹത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനെ തുടർന്ന് ശ്രീ. രാജേഷ് എം.കെ., ഭിന്നശേഷി അവകാശ നിയമ പ്രകാരം, 01.06.2023 മുതലുള്ള ആനുകൂല്യങ്ങൾക്ക വേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) നമ്പർ 32093/2023 ഫയൽ ചെയ്തു.

4) തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) നമ്പർ 32093/2023-ന്മേലുള്ള 01.11.2023 -ലെ വിധിന്യായത്തിൽ, താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:-

എ) 28.06.2023 തീയതിയിൽ ഹർജിക്കാരൻ കോഴിക്കോട് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി മുമ്പാകെ സമർപ്പിച്ച അപേക്ഷ സർക്കാരിന് കൈമാറേണ്ടതാണ്. തന്റെ നിലവിലെ അവസ്ഥ വിശദമാക്കുന്ന ഒരു പുതിയ നിവേദനം, ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം, ഹർജിക്കാരന് സർക്കാരിൽ സമർപ്പിക്കാവുന്നതുമാണ്.

ബി) 2016-ലെ ഭിന്നശേഷി അവകാശ നിയമം, 2017-ലെ ഭിന്നശേഷി അവകാശ ചട്ടം എന്നിവ അനുസരിച്ച്, സർക്കാർ ഹർജിക്കാരന്റെ അപേക്ഷ പരിഗണിക്കേണ്ടതും ആവശ്യമെങ്കിൽ ഒരു മെഡിക്കൽ ബോർഡ് മുഖേന അദ്ദേഹത്തിന്റെ വൈകല്യത്തിന്റെ പരിധിയെക്കുറിച്ച് ബോധ്യപ്പെടേണ്ടതുമാണ്.

സി) മെഡിക്കൽ ബോർഡിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ, 2016-ലെ ഭിന്നശേഷി അവകാശ നിയമം 20-ാം വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

ഡി) വിധി പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതാണ്.

5) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പ്രകാരം, ശ്രീ. രാജേഷ് എം.കെ.- യെ വിശദമായ വൈദ്യ പരിശോധനയ്ക്കായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡിലേക്ക് റഫർ ചെയ്തിരുന്നു. മെഡിക്കൽ ബോർഡിന്റെ 25.05.2024 തീയതിയിലെ സർട്ടിഫിക്കറ്റ് പ്രകാരം, ശ്രീ. രാജേഷ് എം.കെ. സ്പൈനോസെറിബെല്ലർ അറ്റാക്സിയ രോഗബാധിതനായതിനാൽ 75% സ്ഥിരമായ ചലന വൈകല്യം അനുഭവിക്കുന്നു എന്നും, ദൈനംദിന ജീവിതത്തിലെ കാര്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കേണ്ടതുണ്ടെന്നും അദ്ദേഹം വീൽചെയറിലാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

6) ഇതിനെത്തുടർന്ന് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ, പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"Administrative Department is requested to issue orders providing Sri. Rajesh M.K. the benefits of Section 20 of the Rights of Persons with Disabilities Act, 2016, at the earliest. If accommodation in a suitable post is not possible, a supernumerary post with the same pay scale and

benefits may be created, in compliance with the judgment dated 01.11.2023 in WP(C) No. 32093/2023. AD is also requested to consult Social Justice Department in this regard."

7) അതിനുശേഷം സാമൂഹ്യനീതി വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു;

"Sri. Rajesh, suffering from a permanent locomotor disability of 75%, should be transferred to a post with less workload and similar pay scale, or retained in a supernumerary post until a suitable post is found or until superannuation, whichever is earlier."

8) തുടർന്ന് സമാന ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള ഒരു തസ്തികയിൽ ശ്രീ. രാജേഷ് എം.കെ.- യെ നിയമിക്കുന്നതിനായി ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർക്ക് അനുമതി നല്കികൊണ്ട് 19.09.2024 ലെ സ.ഉ. (സാധാ) നം.2735/2024/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അനുയോജ്യമായ തസ്തിക ലഭ്യമായില്ലെങ്കിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാനും പ്രസ്തുത ഉത്തരവിൽ നിർദേശിച്ചിരുന്നു.

9) ശ്രീ. രാജേഷിന്റെ മോശം ശാരീരികാവസ്ഥ കാരണം നിലവിലുള്ള മറ്റൊരു തസ്തികയിൽ അദ്ദേഹത്തെ നിയമിക്കുന്നതിന് സാധിക്കുകയില്ലെന്നും, അദ്ദേഹത്തെ നിയമിക്കുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

10. അതിനിടെ, 01.11.2023-ലെ WPC 32093/2023 എന്ന ഹർജിയിലെ ബഹു. ഹൈക്കോടതി വിധിന്യായം പാലിച്ചില്ല എന്നാരോപിച്ചുകൊണ്ട് ഹർജിക്കാരൻ 1742/2024 എന്ന സിവിൽ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തു. സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ബഹു. ഹൈക്കോടതിയുടെ മുൻ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്നും ഹർജിക്കാരന്റെ ശമ്പളവും ആനുകൂല്യങ്ങളും 10.12.2024 -നകം വിതരണം ചെയ്യണമെന്നും ബഹു. ഹൈക്കോടതി 28.11.2024-ലെ കോടതിയലക്ഷ്യ ഹർജിയിലെ ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി.

11. ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശത്തെത്തുടർന്ന്, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് ഹർജിക്കാരനെ നിയമിക്കണമെന്ന ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് കൈമാറുകയും തുടർന്ന് ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു;

"Finance agrees to create a supernumerary post to accommodate Sri. Rajesh M.K., Process Server, Munsiff-Magistrate's Court, Payyoli, from 01.06.2023, until a suitable post is available or he attains the age of superannuation, whichever is earlier, in compliance with the judgment dated 01.11.2023 in WP(C) No. 32093/2023.

This has the approval of the Hon'ble Minister (Finance)".

12. ഹർജിക്കാരൻ ഫയൽ ചെയ്ത 1742/2024 എന്ന സിവിൽ കോടതിയലക്ഷ്യ ഹർജി 11.12.2024- ന പരിഗണിച്ച ബഹു. ഹൈക്കോടതി 28.11.2024 തീയതിയിലെ കോടതി ഉത്തരവ് ഇനിയും പാലിച്ചിട്ടില്ലായെന്നും

ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചയുണ്ടാവുന്ന പക്ഷം എതിർകക്ഷി (അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്) നേരിട്ടെത്തി വിശദീകരണം നൽകേണ്ടതാണെന്നു ഉത്തരവിടുകയും ചെയ്തു. പ്രസ്തുത കേസ് 08.01.2025 തീയതിയിൽ പോസ്റ്റ് ചെയ്തിട്ടുമുണ്ട്.

13. ശ്രീ. രാജേഷ് എം.കെ. യെ 01.06.2023 തീയതി പ്രാബല്യത്തിൽ നിയമിക്കുന്നതിനായി പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കണമെന്ന നിർദ്ദേശമടങ്ങിയ ഫയൽ ഉത്തരവിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ജുഡീഷ്യറി വകുപ്പിൽ പ്രോസസ്സ് സർവർ ആയി സേവനം അനുഷ്ഠിച്ച് വരവേ 'സെറിബെല്ലർ അറ്റാക്സിയ' ബാധിതനായതിനെ തുടർന്ന് സ്ഥിരമായി ചലന വൈകല്യം സംഭവിച്ച ശ്രീ. രാജേഷ് എം.കെ. യെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 20-ാം വകുപ്പ് പ്രകാരം സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിനായി അനുയോജ്യമായ ഒരു സ്ഥിരം തസ്തിക ലഭ്യമാകുന്നതു വരെയോ അല്ലെങ്കിൽ അദ്ദേഹം വിരമിക്കുന്നത് വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെ പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു പ്രോസസ്സ് സർവർ തസ്തിക സൂപ്പർ ന്യൂമററിയായി 01.06.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കാമോ?